# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/237/2017 2017 നവംബർ 10

## പത്രക്കുറിപ്പ്

### എം.ജി. ബിരുദ പരീക്ഷ: മൂല്യനിർണയം 13 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാല 2017ൽ നടത്തിയ രണ്ടും മൂന്നും അഞ്ചും സെമസ്റ്റർ യു.ജി. പരീക്ഷകളുടെ മൂല്യനിർണ്ണയം നവംബർ 13ന് ആരംഭിക്കും. എട്ടു മേഖലാ ക്യാമ്പുകളിലാണ് മൂല്യനിർണ്ണയം നടക്കുന്നത്. അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ ഒഴികെ എല്ലാ അദ്ധ്യാപകരും മൂല്യനിർണ്ണയത്തിൽ പങ്കെടുക്കേണ്ടതാണ്. ഇതിനായി നവംബർ 13 മുതൽ 25 വരെ യു.ജി./പി.ജി. ക്ലാസ്സുകൾക്ക് അവധി നൽകിയിട്ടുണ്ട്. എല്ലാ അദ്ധ്യാപകരും ബന്ധപ്പെട്ട മൂല്യനിർണ്ണയ ക്യാമ്പുകളിൽ പങ്കെടുക്കുന്നത് കോളേജ് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്. മൂല്യനിർണ്ണയവുമായി സഹകരിക്കാത്ത അദ്ധ്യാപകർക്കും പ്രിൻസിപ്പൽമാർക്കുമെതിരെ കർശന അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതിന് സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്.

### എം.എഫ്.എ. പ്രവേശനം

2017-18ൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തുന്ന എം.എഫ്.എ. കോഴ്സിന് നവംബർ 23 വരെ അപേക്ഷിക്കാം. 28ന് റാങ്ക്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ഡിസംബർ 7ന് പ്രവേശനം നടത്തുകയും ചെയ്യണം. 11ന് ക്ലാസ്സുകൾ ആരംഭിക്കുകയും 22ന് പ്രവേശനം അവസാനിപ്പിക്കുകയും ചെയ്യും.

### ഡോക്ടറൽ കമ്മിറ്റി

2017 അക്കാദമിക് വർഷത്തിൽ ഇംഗ്ലീഷ് വിഷയത്തിൽ ഗവേഷണത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ഡോക്ടറൽ കമ്മിറ്റി നവംബർ 16ന് രാവിലെ 11 മണിക്ക് സർവ്വകലാശാല ക്യാമ്പസിലുള്ള സ്കൂൾ ഓഫ് ലെറ്റേഴ്സിൽ വെച്ച് നടത്തുന്നതാണ്. അഭിമുഖത്തിന് പങ്കെടുക്കുന്നതിനോ അപേക്ഷ നിരസിച്ചുകൊണ്ടുള്ളതോ ആയ അറിയിപ്പുകൾ ലഭിക്കാത്തവർ സർവ്വകലാശാല ഗവേഷണ സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.

### ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം

സർവ്വകലാശാല പെൻഷണർമാർ അവരുടെ ലൈഫ് സർട്ടിഫിക്കറ്റുകൾ നേരിട്ടോ ഓൺലൈനായോ നവംബർ 30നകം സമർപ്പിക്കേണ്ടതാണ്. ലൈഫ് സർട്ടിഫിക്കറ്റ് ഓൺലൈനായി നൽകുന്നതിനുള്ള വിശദവിവരങ്ങളും ലൈഫ് സർട്ടിഫിക്കറ്റ് ഫോമും എല്ലാ പെൻഷണർമാർക്കും അയച്ചിട്ടുണ്ട്. ഈ വർഷം ലൈഫ് സർട്ടിഫിക്കറ്റ് നേരിട്ട് നൽകിയവർ ഈ വർഷം ഇനി ഓൺലൈനായി നൽകേണ്ടതില്ല.

### ബി.കോം പുനർമൂല്യനിർണ്ണയ ഫലം

2016 മെയ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ്. പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയ ഫലം പ്രസിദ്ധീകരിച്ചു. മാർക്ക് വ്യത്യാസമുള്ളവർ സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും മെമ്മോ ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ബി.കോം സി.ബി.സി.എസ്.എസ്. സെക്ഷനിൽ ഗ്രേഡ് കാർഡ് സഹിതം സമർപ്പിക്കേണ്ടതാണ്.

**<u>അന്തർദ്ദേശീയ ക്ലിനിക്കൽ മെഡിസിൻ കോൺഫറൻസിന് തുടക്കമായി</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ത്രിദിന അന്തർദ്ദേശീയ ക്ലിനിക്കൽ മെഡിസിൻ കോൺഫറൻസിന് തുടക്കമായി. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ ഓസ്ട്രിയയിൽ നിന്നുള്ള ഹോളിസ്റ്റിക് മെഡിസിൻ സ്പെഷ്യലിസ്റ്റ് ഡോ. സെബാസ്റ്റ്യൻ മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു. ആയുർവ്വേദവും യോഗയും അടിസ്ഥാനമാക്കിയുള്ള സമഗ്ര ചികിത്സാ രീതി ക്ലിനിക്കൽ ചികിത്സാ രീതികളെക്കാൾ ഫലപ്രദമാണെന്ന് തന്റെ ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. ലോകപ്രശസ്ത ക്ലിനിക്കൽ പ്രാക്ടീഷണർമാരും ശാസ്ത്രജ്ഞരും പങ്കെടുക്കുന്ന കോൺഫറൻസിൽ പ്രോവൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സ്വാഗതമരുളി. ഇതോടനുബന്ധിച്ച് എബ്രഹാം ജോസഫ് നയിക്കുന്ന ഡൈനാമിക് ടച്ച് ഹീലിംഗ് - വേദനാ നിവാരണ ചികിത്സാ ക്യാമ്പ് പ്രത്യേക ശ്രദ്ധയാകർഷിച്ചു.

**അടിക്കുറിപ്പ്**
**മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്ന ത്രിദിന അന്തർദ്ദേശീയ ക്ലിനിക്കൽ മെഡിസിൻ കോൺഫറൻസിന്റെ ഉദ്ഘാടനവേളയിൽ പ്രോ വൈസ് ചാൻസലർ ഡോ. സാബു തോമസ് കോൺഫറൻസ് അംഗങ്ങളോടൊപ്പം**

**<u>ത്രിദിന ശില്പശാല</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ 'മാനസികാരോഗ്യരംഗത്തെ മനഃശാസ്ത്രപരമായ വിശകലനങ്ങൾ' എന്ന വിഷയത്തിൽ ത്രിദിന ശിൽപ്പശാല തുടങ്ങി. മാനസിക പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആഴത്തിലുള്ള വിശകലനം സമൂഹത്തിന്റെ മാനസികാരോഗ്യം കാത്ത് സൂക്ഷിക്കുന്നതിന് സഹായിക്കുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ വകുപ്പ് മേധാവി പ്രൊഫ. (ഡോ.) പി.എസ്. സുകുമാരൻ അഭിപ്രായപ്പെട്ടു. ശിൽപ്പശാലയിൽ കോഴിക്കോട് ഭിന്നശേഷിക്കാർക്കായുള്ള ദേശീയ സ്ഥാപനമായ NIEPMEDലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുരേഷ് കുമാറും, ബോബൻ ഇറാനിമോസും ക്ലാസ്സുകൾ നയിക്കും. ഉദ്ഘാടന ചടങ്ങിൽ ഡോ. രാജീവ്കുമാർ എൻ. സ്വാഗതവും, ഡോ. മുഹമ്മദ് മുസ്തഫ, ശ്രീമതി റിൻസിമോൾ മാത്യു എന്നിവർ ആശംസ പ്രസംഗവും നടത്തി.

**<u>ഡോ. പി. തോമസ് മാത്യു എം.ജി. സിൻഡിക്കേറ്റ് അംഗം</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റിലേക്ക് അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാരുടെ മണ്ഡലത്തിൽ നിന്നും ആലുവ യു.സി. കോളേജ് പ്രിൻസിപ്പൽ ഡോ. പി. തോമസ് മാത്യുവിനെ നാമനിർദ്ദേശം ചെയ്തു.

**അടിക്കുറിപ്പ്**
**എം.ജി. സിൻഡിക്കേറ്റംഗമായി നിയമിതനായ ഡോ. പി. തോമസ് മാത്യു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**